II ഇ.ബി. XIII- കേരള നിയമസഭ/XVI-3

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഫെബ്രുവരി 11, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് അഴിമതി മന്ത്രിസഭ രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുദ്രാവാക്യം വിളിക്കുകയും അൽപസമയത്തിനുശേഷം ബഹു. സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും ചെയ്തു.)

6 (*91) ലൈറ്റ് മെട്രോ പദ്ധതി

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ഗതാഗതക്കുരുക്കിന് പരിഹാരമാകുന്ന ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പദ്ധതിയുടെ പ്രാരംഭ

പ്രവർത്തനങ്ങൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡുമായി (കെ.ആർ.റ്റി.എൽ.) കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി യാത്രാസമയത്തിൽ ഗണ്യമായ കുറവ്, സാധാരണക്കാരന് താങ്ങാൻ കഴിയുന്ന നിരക്കുകൾ, സുഖപ്രദമായ യാത്ര, ഇന്ധന ലാഭം എന്നിങ്ങനെ പല നേട്ടങ്ങളുമുണ്ടാകും. പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പിനുള്ള വിശദവിവരങ്ങൾ തയ്യാറാക്കുക; ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളും പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനുള്ള രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക; ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പന; ദർഘാസ് ക്ഷണിക്കുന്നതിനുള്ള സാങ്കേതിക വിവരണങ്ങൾ തയ്യാറാക്കുക എന്നീ കർമ്മ പദ്ധതികൾ കെ.ആർ.റ്റി.എൽ. ആവിഷ്കരിച്ചുവരികയാണ്. പദ്ധതികളുടെ നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 21.821 കി.മീ. ദൂരത്തിൽ 19 സ്റ്റേഷനുകളോടെയും (ചെലവ് 4219 കോടി രൂപ) കോഴിക്കോട് ജില്ലയിൽ 13.33 കി.മീ. ദൂരത്തിൽ 14 സ്റ്റേഷനുകളോടെയും (ചെലവ് 2509 കോടി

രൂപ) വിഭാവനം ചെയ്തിരിക്കുന്ന ലൈറ്റ് മെട്രോയുടെ പദ്ധതി റിപ്പോർട്ടും സമഗ്ര ഗതാഗത രൂപരേഖയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിച്ചെലവിന്റെ 20 ശതമാനം കേന്ദ്ര ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിൽ നിന്നും 20 ശതമാനം സംസ്ഥാന ഗവൺമെന്റ് മെഗാ പ്രോജക്ടുകൾക്ക് നീക്കിവയ്ക്കുന്ന തുകയിൽ നിന്നും 60 ശതമാനം വായ്പയിലൂടെയും സമാഹരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതിയുടെ രണ്ടാംഘട്ടം തിരുവനന്തപുരത്ത് നെയ്യാറ്റിൻകര വരെയും കോഴിക്കോട് രാമനാട്ടുകര വരെയും ദീർഘിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ലൈറ്റ് മെട്രോയുടെ ഭാഗമായി ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് തിരുവനന്തപുരം പള്ളിപ്പുറത്ത് 10 ഹെക്ടർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റിടങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

7 (*92, *111, *118) <u>ആഗോള വിദ്യാഭ്യാസ സംഗമം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, വിദ്യാഭ്യാസത്തിന്റെ അന്തർദേശീയവൽക്കരണം;

അക്കാദമിക് സിറ്റിയുടെ രൂപീകരണം; അന്തർദേശീയ ഉന്നത അക്കാദമിക് സോൺ; ഉന്നതവിദ്യാഭ്യാസ രംഗത്ത് അന്തർദേശീയ വൈദഗ്ദ്ധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദഗ്ധ തൊഴിൽ പരിശീലന കോഴ്സുകൾ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ആഗോള വിദ്യാഭ്യാസ സംഗമത്തിൽ അന്താരാഷ്ട്ര/ദേശീയ/സംസ്ഥാന പ്രസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് നിരവധി പേർ പങ്കെടുക്കുകയുണ്ടായെന്ന് സഭയെ അറിയിച്ചു. അന്താരാഷ്ട്ര ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് അക്കാദമിക് സിറ്റി അതോറിറ്റിയുടെ കീഴിൽ ഏക ജാലക സംവിധാനത്തിലൂടെയുള്ള അനുമതികൾ, സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലെ ഇളവുകൾ, അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതാണ്. അക്കാദമിക് നിലവാരത്തിൽ വിട്ടുവീഴ്ച വരുത്താതെ ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിവരുന്ന രീതിയിൽ സംവരണാനുകൂല്യം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. നിലവിലുള്ള നിയമങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ മികവിന്റെ

കേന്ദ്രങ്ങളാക്കുകയെന്നതാണ് ആഗോള വിദ്യാഭ്യാസ സംഗമത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1041 മുതൽ 1373 വരെയുള്ള ചോദ്യങ്ങളിൽ 42 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * * *